പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7511 17.07.2012- ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണവും കോഴി വളർത്തലും പ്രോൽസാഹിപ്പിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |

(എ) മൃഗസംരക്ഷണവും കോഴി വളർത്തലും പ്രോൽസാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾക്ക് രൂപം നൽകി; വിശദമാക്കുമോ;

(എ) വിശദമാക്കാം. മൃഗസംരക്ഷണവും കോഴി വളർത്തലും പ്രോത്സാഹിപ്പിക്കാൻ 2012-13 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രധാന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

### മൃഗസംരക്ഷണം

1) കന്നുകുട്ടി പരിപാലന പദ്ധതി:

കന്നുകുട്ടികളെ അവ ജനിക്കുമ്പോൾ തന്നെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് 1 മുതൽ 30 മാസം വരെ കാലയളവിൽ സൗജന്യ നിരക്കിൽ തീറ്റ, വിരമരുന്ന്, ആരോഗ്യ പരിപാലനം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകി ശാസ്ത്രീയമായി പരിരക്ഷിച്ച് ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നത് വഴി സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിയ്ക്കുന്ന പദ്ധതി. ഒരു ലക്ഷം കന്നുക്കുട്ടികളെ ഈ പദ്ധതിയിൽ ചേർക്കാനാണ് ഉദ്ദേശിയ്ക്കുന്നത്.

2)മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ - മൃഗാശുപത്രികൾ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ രോഗ നിർണ്ണയത്തിനാവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രതിരോധ കുത്തിവയ്പുകളിലൂടെ രോഗങ്ങളെ നിയന്ത്രിയ്ക്കുന്നതിനും സഹായിക്കുന്ന വിവിധ പദ്ധതികൾ വഴി മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, വീട്ടു പടിക്കൽ മൃഗചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും, ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

3) ഊർജ്ജിത കന്നുകാലി വികസനത്തിനായി സൗജന്യ കൃത്രിമ ബീജസങ്കലനവും കറവപ്പശുക്കൾക്ക് വിര മരുന്നും, ധാതു ലവണ മിശ്രിതവും വിതരണം ചെയ്യുന്ന പദ്ധതിയിൽ വന്ധ്യതാ നിവാരണ ക്യാമ്പുകളും ഈ വർഷവും, തുടർന്നും നടപ്പിലാക്കുന്നതാണ്.

4) വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തി കർഷകർക്കാവശ്യമായ ആട്, പന്നി, കോഴി, മുയൽ തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

5) തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതി-നായി പുൽ വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

6) വിവിധ മൃഗസംരക്ഷണ പ്രവർത്തനങ്ങ-ൾക്കായി മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്ക് പരിശീലനം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

ഇതു കൂടാതെ പുതിയ സംരംഭകർക്ക് അവർക്ക് താൽപ്പര്യമുള്ള വിഷയങ്ങളിൽ പ്രത്യേക വിദഗ്ദ്ധ സാങ്കേതിക പരിശീലനം നൽകുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി സംരംഭക സംഗമങ്ങൾ എല്ലാ ജില്ലയിലും നടത്തുന്നതിന് ഉദ്ദേശിയ്ക്കുന്നു. സ്കൂൾ കുട്ടികളിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പി-ക്കുന്നതിനായി ജന്തു ക്ഷേമ ക്ലബ്ബുകൾ രൂപീകരിയ്ക്കുവാനും, പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പ്രമുഖ സ്ഥാപനങ്ങളിലേയ്ക്കും, വിജയം വരിച്ച കർഷകരുടെ സംരംഭങ്ങൾ കാണുന്നതിനും, കർഷകർക്ക് പഠനയാത്ര സംഘടിപ്പിക്കുന്നതാണ്. മികച്ച കർഷകരെ കണ്ടെത്തി ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും 'കർഷക അവാർഡ്' നൽകി അവരെ പ്രോത്സാഹിപ്പിയ്ക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മികച്ച ക്ഷീര കർഷകൻ, മികച്ച സമ്മിശ്ര കർഷകൻ,

മികച്ച കോഴി കർഷകൻ, മികച്ച യുവ കർഷകൻ, മികച്ച വനിതാ സംരംഭക എന്നിവർക്കാണ് അവാർഡുകൾ നൽകുക.

<u>കോഴിവളർത്തൽ</u>

1) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും, ശക്തിപ്പെടുത്തലും ഉൾപ്പെടുത്തി കോഴി ഫാമുകൾക്ക് 200 ലക്ഷം രൂപയും, താറാവ്, കാട എന്നീ ഫാമുകൾക്ക് 50 ലക്ഷം രൂപയും "2403-00-102-81" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം ഫാമുകളെ "ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങൾ" എന്നതിന് പുറമെ, ഈ മേഖലയിൽ പ്രവർത്തിയ്ക്കുന്ന കർഷകർക്ക് ആവശ്യമായ, ശാസ്ത്രീയ പരിശീലനം നൽകുന്ന കേന്ദ്രങ്ങളായും മാറ്റാൻ ലക്ഷ്യമിടുന്നു. അതിനായി ഫാമുകളിൽ അടിസ്ഥാന വികസനം, യന്ത്രവത്കരണം, മരുന്നുകൾ, തീറ്റ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ എന്നിവയാണ് ഈ പദ്ധതി മൂലം ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ സാറ്റലൈറ്റ് യൂണിറ്റുകളുടെ സ്ഥാപിക്കൽ. ശാസ്ത്രീയമായി മാലിന്യസംസ്കരണ സംവിധാനം, ഫാമുകളുടെ വിപുലീകരണവും മെച്ചപ്പെടുത്തലും എന്നിവയും ലക്ഷ്യമിടുന്നു.

2) 80% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം, കോഴി ഫാമുകളുടെയും, താറാവ് വളർത്തൽ കേന്ദ്രങ്ങളുടെയും വിപുലീകരണത്തിന് സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ "2403-00-103-86" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

3) 100% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ വീട്ടു പരിസരത്ത് കോഴി വളർത്തൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 400 ലക്ഷം രൂപ "2403-00-103-85" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

4) ബാക്ക് യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോജക്ട് പ്രകാരം പിന്നാമ്പുറത്തെ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് 1042 ലക്ഷം രൂപ "2403-00-103-84" എന്ന ശീർഷകത്തിൽ വകയിരുത്തുകയും, അതിൽ 400 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിനും. ബാക്കി 642 ലക്ഷം രൂപ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനും അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം പഞ്ചായത്തുകൾ വഴി തെരെഞ്ഞെടുക്കപ്പെടുന്ന 39,000/- ഗുണഭോക്താക്കൾക്ക് 1000 രൂപ വീതം സർക്കാർ സഹായമായി നൽകുന്നു. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ വിരിയിച്ച് എഗ്ഗർ നഴ്സറി വഴി 45-60 ദിവസം പ്രായമാകുമ്പോൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. അതോടൊപ്പം തീറ്റയും, കൂടും നൽകുന്നു.

<u>യൂണിറ്റ് ചെലവ്</u>

45-60 ദിവസം പ്രായമുള്ള 10 കോഴിക്കുഞ്ഞുങ്ങളുടെ വില = 700.00 ( @ 70 രൂപ/കോഴി)

| | | |
|---|---|---|
| തീറ്റയുടെ വില | = | 300.00 |
| കൂടിന്റെ വില | = | 1500.00 |
| | | ========== |
| | | 2500.00 |

ഇതിൽ 1000/- രൂപ സർക്കാർ സഹായമായും, കൂടിന്റെ വിലയായ 1500/- രൂപ ഗുണഭോക്താവും വഹിക്കേണ്ടതാണ്.

39,000(ഗുണഭോക്താക്കൾ) x 1000 രൂപ

= 390 ലക്ഷം

പദ്ധതി നിർവ്വഹണച്ചെലവ് = 10 ലക്ഷം

400 ലക്ഷം

ഈ പദ്ധതി പ്രകാരം മുട്ടയുൽപ്പാദനം കൂട്ടാനും, ആഹാരത്തിലാവശ്യമായ മാംസ്യം ഉറപ്പുവരുത്താനും കുടുംബത്തിന് അധിക വരുമാനം ലഭ്യമാക്കാനും, അടുക്കളയിലെ അവശിഷ്ടങ്ങൾ കോഴിത്തീറ്റയായി മാറ്റി ഉപയോഗിക്കാനും, വീട്ടുവളപ്പിലെ പച്ചക്കറികൃഷിയ്ക്ക് കോഴി വളം ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

5) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായമായി 370 ലക്ഷം രൂപ " 2403-00-190-94(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഗോസുരക്ഷാ പദ്ധതിയുടെ പ്രയോജനം എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിശദമാക്കാം.

പശുക്കളെയോ/എരുമകളെയോ ഇൻഷ്വർ ചെയ്യുമ്പോൾ പ്രീമിയത്തിന്റെ 50% (1 വർഷം 3.09%, 3 വർഷം 6.92%) സബ്സിഡിയായി സർക്കാർ നൽകുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ട കർഷകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 5 ലിറ്ററിലധികം പാൽ ഉൽപ്പാദിപ്പിയ്ക്കുന്നതും, 2 വയസ്സിനുമേൽ പ്രായമുള്ളതുമായ ഉരുക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ് പശുക്കൾക്ക് 1 വർഷത്തേയ്ക്കോ, 3 വർഷത്തേയ്ക്കോ, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഉൽപ്പാദനശേഷി നഷ്ടപ്പെടുന്ന സാഹചര്യത്തിലും, ഉരുക്കൾ മരണപ്പെടുന്ന സാഹചര്യത്തിലും യഥാക്രമം 75%, 100% നഷ്ടപരിഹാരം ലഭിയ്ക്കുന്നതാണ്.

ഗുണഭോക്തൃ വിഹിതമായി 550 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളൂ. തുടക്കത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2700 പേർക്കും, കോഴിക്കോട് കോർപ്പറേഷനിൽ 2500 പേർക്കും, കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിൽ 1500 പേർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

Seela

സെക്ഷൻ ഓഫീസർ